(ബി) ഇതൊഴിവാക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് ;

(ഡി) 1986 ജനുവരി ഒന്നാം തീയതി മുതൽ ഒക്ടോബർ 31-ാം തീയതിവരെ ഈ ഭാഗങ്ങളിൽ വച്ച് എത്ര അപകടങ്ങൾ നടന്നിട്ടുണ്ടെന്നു പറയാമോ ;

(ഇ) ഇവയിൽ എത്രപേർ മരിച്ചിട്ടുണ്ട് ;

(എഫ്) ഈ കാലയളവിലുണ്ടായ അപകടക്കേസുകൾ കഴക്കൂട്ടം പോലീസ് ചാർജ്ചെയ്തിട്ടുള്ളതിൽ ക്രമക്കേടുകളുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ജി) ഈ കാലയളവിലുണ്ടായ വാഹന അപകടക്കേസുകൾ ശരിയായ രീതിയിൽ നടത്തുന്നതിന് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർക്ക് വേണ്ട നിർദ്ദേശം നൽകുമോ ;

(എച്ച്) ക്രമരഹിതമായ ചാർജ് ഷീറ്റുകൾ പരിശോധിച്ച് കുറ്റക്കാരുടെ മേൽ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഓവർ സ്പീഡ് നിയന്ത്രിക്കുന്നതിന് പോലീസ് പെട്രോൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) മൂന്ന് അപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ഇ) ആരും മരിച്ചിട്ടില്ല.

(എഫ്) ഇല്ല.

(ജി) ഉദിക്കുന്നില്ല.

(എച്ച്) ഉദിക്കുന്നില്ല.

കണ്ണമാലി പോലീസ് സ്റ്റേഷന്റെ കെട്ടിടംപണി

1495. [2247] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണമാലി പോലീസ് സ്റ്റേഷൻ തീരെ സൗകര്യമില്ലാത്ത ഒരു ചെറിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന് ഒരു പുതിയ കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ എന്നത്തേക്ക് അത് പണിയാൻ കഴിയും ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി) കണ്ണമാലി പോലീസ് സ്റ്റേഷൻ കെട്ടിടംപണി ധനകാര്യ കമ്മീഷന്റെ അവാർഡു പണികളിൽ ഉൾപ്പെടുത്തി 1986-87 വർഷത്തിൽ പണിയാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷത്തിൽത്തന്നെ പണി തീരുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly